# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാചോദ്യം നമ്പർ 574 27-10-2011-ൽ മറുപടിക്ക്

## ഗവൺമെന്റ് പ്രസ്സുകളുടെ വികസനം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. ഷാഫി പറമ്പിൽ<br>,, പാലോട് രവി<br>,, സണ്ണി ജോസഫ്<br>,, എം. പി. വിൻസെന്റ് | | ശ്രീ. കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |
| (എ) ഗവൺമെന്റ് പ്രസ്സുകളുടെ വികസനത്തിന് എന്തെല്ലാം നടപടികളാണ് കൈകൊള്ളാനുദ്ദേശിക്കുന്നത് ; | (എ) | തിരുവനന്തപുരം മണ്ണന്തല ഗവ. പ്രസ്സിൽ സ്ഥാപിച്ചതു പോലെയുള്ള ഫോർ കളർ വെബ് ഓഫ്സെറ്റ് മെഷീനുകൾ ഷൊർണ്ണൂർ, വാഴൂർ ഗവ.പ്രസ്സുകളിൽ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. മണ്ണന്തല, കൊല്ലം ഗവ.പ്രസ്സുകളിൽ സ്ഥാപിച്ചതു പോലെയുള്ള എച്ച്.എം.റ്റി. നിർമ്മിത ഷീറ്റ് ഓഫ്സെറ്റ് മെഷീൻ പൂജപ്പുര ഗവ.പ്രസ്സിൽ സ്ഥാപിക്കുന്നതിന് എച്ച്.എം.റ്റി.യ്ക്ക് സപ്ലൈ ഓർഡർ നൽകികഴിഞ്ഞു. നൂതന സാങ്കേതിക വിദ്യ അടിസ്ഥാനമാക്കിയുള്ള പോസ്റ്റ്പ്രസ്സ് യന്ത്ര സംവിധാനങ്ങൾ വാങ്ങുന്നതിനുള്ള നടപടികൾ പ്രാരംഭഘട്ടത്തിലാണ്. |

| | | |
|---|---|---|
| (ബി) അച്ചടിമേഖലയിലെ പുതിയ സാങ്കേതിക വിദ്യകൾ ഗവൺമെന്റ് പ്രസ്സുകൾക്കും ബാധകമാക്കുന്നകാര്യം പരിഗണിക്കുമോ ;<br><br>(സി) എങ്കിൽ ഇതിനായി എന്തെല്ലാം നടപടികളാണ് കൈകൊള്ളാനുദ്ദേശിക്കുന്നത് ? | (ബി) & (സി) | പുതിയ സാങ്കേതിക വിദ്യകൾ ഗവൺമെന്റ് പ്രസ്സുകൾക്കും ബാധകമാക്കിയിട്ടുണ്ട്. മണ്ണന്തല, ഷൊർണ്ണൂർ ഗവ. പ്രസ്സുകളിലേയ്ക്കായി **4.6** കോടി രൂപ ചെലവിൽ രണ്ട് ഫോർകളർ വെബ് ഓഫ്സെറ്റ് മെഷീനുകളും, വാഴൂർ ഗവ. പ്രസ്സിലേയ്ക്കുള്ള ഒരു ഫോർ കളർ വെബ് ഓഫ്സെറ്റ് മെഷീൻ **1,59,54,534/-** രൂപ ചെലവിലും വാങ്ങുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. എച്ച്.എം.റ്റി. യിൽ നിന്നും ബൈ ബാക്ക് സ്കീമിൽ വാങ്ങിയ **2.35** കോടി രൂപ വിലവരുന്ന മെഷീനുകൾ സ്ഥാപിച്ചു തുടങ്ങിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ